little KITEs

# TECH - FRANCIA

## ഡിജിറ്റൽ മാഗസിൻ 2019 - 20






# ഡിജിറ്റൽ മാഗസിൻ 2019–'20



2018-19 അധ്യയന വർഷം SSLC പരീക്ഷയിൽ 100% വിജയവും 8 ഫുൾ A പ്ലസും നേടിയ സെന്റ് ഫ്രാൻസിസിന്റെ വിദ്യാർത്ഥികൾക്കായി ഞങ്ങൾ ഈ ഡിജിറ്റൽ മാഗസിൻ സമർപ്പിക്കുന്നു.



# താളുകളിൽ


താളുകളിൽ....................1
സന്ദേശം....................3
സന്ദേശം....................4
സന്ദേശം....................5
എഡിറ്റർ....................6
സമർപ്പണം....................7
പത്രാധിപ സമിതി....................8
ലിറ്റിൽ കൈറ്റ്സ് ക്ലബ് 2019-21....................9
ഡിജിറ്റൽ പൂക്കളം 2019....................11
സ്കൂൾ പാർലിമെന്റ് ഇലക്ഷൻ 2019-20....................11
മാതൃ ശാക്തീകരണം -ഐടി അധിഷ്ഠിത പരിശീലനം....................12
കുന്നംകുളം ഉപജില്ല ഐടി മേള....................15
ക്യൂ ആർ കോഡ്....................16
പ്രതിഭാദരം....................17
ലിറ്റിൽ കൈറ്റ്സ് ക്ലബ് 2019-22....................18
റോബോട്ടിക്സ് പരിശീലനം....................19
തീ....................20
സമാദരണം....................21
CONSERVATION OF NATURE....................22
വെളിച്ചമേ നയിച്ചാലും....................24
വേനൽ....................25
Nature....................26
ചിത്രകലാ കുടുംബം....................27
ചിത്രം....................28
ചിത്രം....................29
ആസ്വാദന കുറിപ്പ്....................30
ടീച്ചറാകാൻ ധൈര്യമ◌ുണ്ടോ ?....................31
ചിത്രം....................33

# TECH FRANCIA - II


സ്പോർട്സ് മത്സര വിജയികൾ......34
ഇൻസ്പയർ അവാർഡ്......36
കുന്നംകുളം ഉപജില്ലാ സയൻസ് മേള......36
സ്കൗട്ട് യൂണിറ്റ്......37
പ്രസംഗം......38
ആസ്വാദനകുറിപ്പ്......39
നേതാവ്......40
യു എസ് എസ് സ്കോളർഷിപ്പ്......41
ചിത്രം......42
ചിത്രം......43
ചിത്രം......44
ചിത്രം......45
ചിത്രം......46
ചിത്രം......47
LIGHT ON THE HILLS......48
മത്സര വിജയികൾ......51
നന്ദി......52



# സന്ദേശം

ആധുനിക യുഗത്തിൽ ഡിജിറ്റൽ സാങ്കേതിക വിദ്യക്ക് പ്രമുഖ സ്ഥാനമാണുള്ളത്. അറിവിന്റെ അനന്ത സാധ്യതകൾ നമ്മുക്ക് മുന്നിൽ തുറന്നു കിടക്കുകയാണ്. വിദ്യാലയങ്ങൾ ഹൈടെക് ആയതോടെ കുട്ടികൾക്ക് പഠനം രസകരവും ഉല്ലാസകരവുമായി തീർന്നു. പൊതു വിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഭൗതിക സാഹചര്യങ്ങളും പഠന നിലവാരവും മെച്ചപ്പെട്ടിട്ടുണ്ട്.

വിദ്യാർത്ഥികളുടെ സർഗാൽമകവും ക്രിയാത്മകവുമായ കഴിവുകൾ വികസിക്കുന്നതിന് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിലൂടെ സാധിക്കും. നമ്മുടെ വിദ്യാലയത്തിലെ ഐ സി ടി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് സെബി മാസ്റ്ററും ഷെൽജി ടീച്ചറും വർഗ്ഗീസ് മാസ്റ്ററും ആണ് . ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് ഘടനയിലും പ്രവർത്തനത്തിലും വേറിട്ട് നിൽക്കുന്നു. മികവിന്റെ കേന്ദ്രമാണ് ക്ലബ്ബ്. എല്ലാ ആഴ്ചകളിലും കോർഡിനേറ്റർമാർ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു. കുട്ടികൾ വിവിധ ക്യാമ്പുകളിൽ പങ്കെടുത്ത് പ്രായോഗിക അറിവ് നേടുന്നു. എല്ലാ സ്റ്റാഫ് അംഗങ്ങളും കമ്പ്യൂട്ടർ അധിഷ്ഠിത പ്രവർത്തനങ്ങളിൽ സഹകരിക്കുന്നുണ്ട്. രചനകളാൽ സമ്പുഷ്ടമാക്കിയ ഈ മാഗസിന്റെ അണിയറയിൽ പ്രവൃത്തിക്കുന്ന എല്ലാവര്ക്കും നന്ദി. ക്ലബ്ബ് അംഗങ്ങൾക്ക് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

ഹെഡ്മാസ്റ്റർ
ആന്റോ സി കാക്കശ്ശേരി.



# സന്ദേശം

മറ്റം സെന്റ് ഫ്രാൻസിസ് ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട് പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.

തുടർന്നും മുൻ വർഷങ്ങളിലേതുപോലെതന്നെ നവീന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് മാഗസിൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് സെബി മാസ്റ്റർക്കും മറ്റ് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും കഴിയുമാറാകട്ടെ. ക്ലബ്ബ് അംഗങ്ങൾക്കും മറ്റു വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ നേരുന്നു.

പ്രിൻസിപ്പൽ
ഓസ്റ്റിൻ ഇമ്മട്ടി ജെ.



# സന്ദേശം

ഇത്  രണ്ടാം വർഷവും ലിറ്ററൽ കൈറ്റ്സ് ക്ലബ്ബ് വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഉള്ള കേരളത്തിലെ എല്ലാ വിദ്യാലയങ്ങളും ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നുണ്ടെന്ന് മനസിലാക്കുന്നു. അതിന്റെ ഒരു ഭാഗമാകുവാൻ നമ്മുടെ സ്‌കൂളിനും കഴിഞ്ഞു എന്നതിൽ ഏറെ ചാരിതാർഥ്യമുണ്ട്.

നമ്മുടെ സ്‌കൂളിൽ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നുണ്ടെന്ന് എനിക്ക് നേരിട്ട് മാനിസിലാക്കുവാൻ സാധിച്ചിട്ടുണ്ട്. പി ടി എ  യുടെ ഭാഗത്തുനിന്നും എല്ലാ വിധ പിന്തുണയും ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് നൽകി വരുന്നുണ്ട്. ഡിജിറ്റൽ മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

ജോസ് കെ സി
പി.ടി.എ പ്രസിഡന്റ്

# TECH FRANCIA - II



## എഡിറ്റർ

വിവരവിനിമയസാങ്കേതിക വിദ്യയുടെ വളർച്ച വിപ്ലവകരമാണ് . ദൂരവും സമയവും തീർക്കുന്ന അതിർവരമ്പുകൾ മാഞ്ഞുകൊണ്ടിരിക്കുന്നു . അനുനിമിഷം വ്യത്യസ്ത സോഫ്റ്റ്‌വെയറുകൾ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു . ഈ സാങ്കേതിക രംഗത്തുണ്ടാകുന്ന , മാറുന്ന കാലത്തിനനുസരിച്ചുള്ള അറിവുകൾ വിദ്യാർത്ഥികൾ നേടേണ്ടതുണ്ട് . വിവിധ സോഫ്റ്റ്‌വെയറുകൾ പരിചയപെടുന്നതിനും അതിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനും അവർക്കു ലഭിച്ച അറിവുകൾ സാമൂഹ്യ സേവനത്തിന് പ്രയോജനപെടുത്തുന്നതിനും വേണ്ടിയാണ് 'ലിറ്റിൽ കൈറ്റ്സ് ' വിദ്യാലയത്തിൽ നിലകൊള്ളുന്നത് .

വിവിധ ഭാഷകളിൽ അക്ഷരങ്ങൾ ടൈപ്പ് ചെയ്ത് കഥകളും ലേഖനങ്ങളും കവിതകളുമെല്ലാം ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതും വിദ്യാർത്ഥികൾക്ക് നൽകുന്ന പരിശീലനത്തിന്റെ ഭാഗമാണ് . അത്തരത്തിലുള്ള ഒരു പ്രവർത്തനമാണ് ' ടെക് ഫ്രാൻസിയ ' എന്ന ഈ ഡിജിറ്റൽ മാഗസിൻ. കീ ബോർഡിൽ കീകൾ നിരത്തി വെച്ചിരിക്കുന്ന ക്രമവും ഭാഷകളുടെ സവിശേഷതകളും കൈവിരലുകളുടെ വഴക്കവും എഡിറ്റിങ്ങും പരിശീലിക്കുന്നതിന് ഈ മാഗസിൻ രചന സഹായകമാവും. മറ്റും സെന്റ് ഫ്രാൻസിസ് എച്ച് എസ് എസ് വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ' ടെക് ഫ്രാൻസിയ ' എന്ന മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു . വിദ്യാർത്ഥികളുടെയും അധ്യാപകരുടേയും സർഗസൃഷ്ടികൾ ഉൾക്കൊള്ളുന്ന ഈ മാഗസിൻ എല്ലാവിധത്തിലും പ്രയോജനപ്രദമാകട്ടെ.

സ്നേഹപൂർവ്വം
സിസിലി ടീച്ചർ

# സമർപ്പണം



ശ്രീമതി. ജസീന്ത വി പി .(U.P.S.T)

ഈ അധ്യയന വർഷം(2019–2020) അധ്യാപന ജീവിതത്തിൽ നിന്നും വിരമിക്കുന്ന അധ്യാപിക ശ്രീമതി. ജസീന്ത വി പി യ്ക്കായി ലിറ്റിൽ കൈറ്റ്സ് കുടുംബം ഈ മാഗസിൻ സമർപ്പിക്കുന്നു.

ടീച്ചറുടെ തുടർന്നുള്ള ജീവിതത്തിൽ എല്ലാ ഐശ്വര്യങ്ങളും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു

# പത്രാധിപ സമിതി



ക്രിസ്റ്റി ജോസഫ്(ഫസ്റ്റ് അസിസ്റ്റന്റ്)



സിസിലി (എഡിറ്റർ & മലയാളം അധ്യാപിക )



സെബി തോമസ് കെ (SITC& കൈറ്റ് മാസ്റ്റർ)



ഷെൽജി പി ആർ (JSITC & കൈറ്റ് മിസ്ട്രസ്)



ടോയ്സി കെ ടി (മലയാളം, വിദ്യാരംഗംകലാസാഹിത്യ വേദി )



ജാൻസി ഫ്രാൻസിസ് (മലയാളം അധ്യാപിക )



ലാർസൻ സെബാസ്റ്റ്യൻ എം (ഇംഗ്ലീഷ് അധ്യാപകൻ )



ജോൺസൻ സി ടി (ചിത്രകലാ അധ്യാപകൻ )



ശരബിന്ദ് പി എസ് (സ്റ്റുഡൻറ് എഡിറ്റർ)

# ലിറ്റിൽ കൈറ്റ്സ് ക്ലബ് 2019-21



2019 –21 ബാച്ച് ലിറ്റിൽ കൈറ്റ്സ് ക്ലബ് വിദ്യാർത്ഥികളുടെ ആദ്യ ക്ലാസ് ജൂൺ 13 ന് നടന്നു. 2019 ജനുവരിയിൽ നടത്തിയ അഭിരുചി പരീക്ഷയിൽ നിന്ന് തിരഞ്ഞെടുത്ത 28 വിദ്യാർത്ഥികളാണ് ഈ ബാച്ചിൽ ഉള്ളത്. ഹെഡ് മാസ്റ്റർ ശ്രീ. ആന്റോ സി കാക്കശ്ശേരി ഉദ്ഘാടനവും ഫസ്റ്റ് അസിസ്റ്റന്റ് ശ്രീമതി. ക്രിസ്റ്റി ടീച്ചർ ആശംസയും പറഞ്ഞു. കൈറ്റ് മാസ്റ്റർ സെബി മാസ്റ്റർ സ്വാഗതവും കൈറ്റ് മിസ്ട്രസ് ഷെൽജി ടീച്ചർ നന്ദിയും പറഞ്ഞു. സെബി മാസ്റ്റർ ക്ലാസ് നയിച്ചു.







# TECH FRANCIA - II



ജൂൺ 17 ന് 2019 –21 ബാച്ചിലെ വിദ്യാർത്ഥികൾക്ക് ഏകദിന ക്യാമ്പ് നടത്തി. പി ടി എ പ്രസിഡന്റ് ശ്രീ. ജോസ് കെ സി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഹെഡ് മാസ്റ്റർ ആന്റോ മാസ്റ്റർ ആശംസകൾ പറഞ്ഞു. കൈറ്റ് മാസ്റ്റർ സെബി മാസ്റ്റർ സ്വാഗതവും കൈറ്റ് മിസ്ട്രസ് ഷെൽജി ടീച്ചർ നന്ദിയും പറഞ്ഞു. മാസ്റ്റർ ട്രെയ്നർ രത്നകുമാർ സാർ ക്ലാസ് നയിച്ചു.









# ഡിജിറ്റൽ പൂക്കളം 2019

ഓണത്തിനോട് അനുബന്ധിച്ച് ഡിജിറ്റൽ പൂക്കളമത്സരം നടത്തി. കമ്പ്യൂട്ടർ ലാബിൽ വിവിധ ക്ലാസ്സുകളിൽ നിന്ന് വിദ്യാർത്ഥികൾ പങ്കെടുത്തു. വിജയികൾക്ക് സമ്മാനങ്ങൾ നൽകി.


# സ്കൂൾ പാർലിമെന്റ് ഇലക്ഷൻ 2019-20

സ്കൂൾ പാർലിമെന്റ് ഇലക്ഷൻ 2019 –20 സമ്മതി എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ എച്ച് എസ്,യുപി ക്ലാസ്സുകളിൽ ഹൈ –ടെക് സംവിധാനം ഉപയോഗിച്ച നടത്തി .ഇലക്ഷന് ക്ലാസ് ടീച്ചേഴ്സ് , ഇലക്ഷൻ ചുമതലയുള്ള ലാൽബാബു മാസ്റ്റർ , ജെസീന്ത ടീച്ചർ, ഐ . ടി കോഡിനേറ്റർമാരായ സെബി തോമസ് മാസ്റ്റർ , ഷെൽജി പി ആർ ടീച്ചർ , ഹെഡ് മാസ്റ്റർ ആന്റോ സി കാക്കശ്ശേരി എന്നിവർ നേതൃത്വം നൽകി .കുട്ടികൾക്ക് ഇതൊരു പുതിയ അനുഭവം ആയി .






# TECH FRANCIA - II

# മാതൃ ശാക്തീകരണം -ഐടി അധിഷ്ഠിത പരിശീലനം

അമ്മമാർക്ക് മാതൃ ശാക്തീകരണം –ഐ .ടി അധിഷ്ഠിത ക്ലാസ് നൽകുന്നതിനായി ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾക്കും ക്ലാസ് അധ്യാപകർക്കും തൃശ്ശൂർ കൈറ്റ് ഓഫീസിൽ നിന്ന് മാസ്റ്റർ ട്രെയിനർമാർ വീഡിയോ കോൺഫറൻസിങ്ങിലൂടെ ക്ലാസ്സുകൾ എടുത്തു . ഐ ടി ലാബിൽ വിദ്യാർത്ഥികളും അധ്യാപകരും ക്ലാസ്സ്, വീഡിയോ കോൺഫറൻസിങ്ങിലൂടെ കണ്ടു മനസ്സിലാക്കി. പി .ടി .എ പ്രസിഡന്റ് ജോസ് കെ സി സന്നിഹിതനായിരുന്നു . പ്രധാന അധ്യാപകൻ ആന്റോ സി കാക്കശ്ശേരി ,ഐ .ടി കോർഡിനേറ്റേഴ്സ് ആയ സെബി തോമസ് മാസ്റ്റർ ,ഷെൽജി ടീച്ചർ എന്നിവർ നേതൃത്വം നൽകി .








# TECH FRANCIA - II

28/09/2019 ന് സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾക്കായി ഒരു ദിവസത്തെ പരിശീലന ക്യാമ്പ് നടത്തി. ക്യാമ്പ് ഹെഡ്മാസ്റ്റർ ആന്റോ സി കാക്കശ്ശേരി ഉദ്ഘാടനം ചെയ്തു. കൈറ്റ് മാസ്റ്റർ സെബി തോമസ് മാസ്റ്ററും കൈറ്റ് മിസ്ട്രസ് ഷെൽജി പി ആർ ടീച്ചറും ക്ലാസ് എടുത്തു. ക്യാമ്പിലെ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകി.









# TECH FRANCIA - II

04–11–2019 കുന്നംകുളത്ത് വെച്ച് നടന്ന സംസ്ഥാന സ്കൂൾ ശാസ്ത്രമേള ഡി എസ് എൽ ആർ ക്യാമറ



ഉപയോഗിച്ച് ഷൂട്ട് ചെയ്ത സംഘത്തിൽ ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ് ക്ലബ്ബ് അംഗങ്ങളായ ശരബിന്ദ്, അമൻ,ദിൽജിത്, സ്മിത്ത് ജോൺസൻ എന്നിവർ പങ്കെടുത്തു. ഇതിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് കൈറ്റ്സ് നൽകിയ സർട്ടിഫിക്കറ്റുകൾ പി ടി എ വൈസ് പ്രസിഡന്റ് ശ്രീമതി. ശോഭ പോൾ സ്കൂൾ അസ്സംബ്ലിയിൽ വെച്ച് വിതരണം ചെയ്തു.






# TECH FRANCIA - II

# കുന്നംകുളം ഉപജില്ല ഐടി മേള

കുന്നംകുളം ഉപജില്ല ഐ ടി മേളയിൽ 9–താം ക്ലാസിൽ പഠിക്കുന്ന അമിത് സാബു സി, സ്ക്രാച്ച് പ്രോഗ്രാമിങ്ങിൽ മൂന്നാം സ്ഥാനം(A ഗ്രേഡ്),ശരബിന്ദ് പി എസ്,അനിമേഷനിൽ മൂന്നാം സ്ഥാനം (ബി ഗ്രേഡ്) കരസ്ഥമാക്കി. രണ്ട് പേർക്കും സ്കൂളിന്റെ അഭിനന്ദനങ്ങൾ.



അമിത് സാബു സി



ശരബിന്ദ് പി എസ്



ഉപജില്ലാ തലത്തിൽ ലിറ്റിൽ കൈറ്റ്സ് നടത്തിയ രണ്ട് ദിവസത്തെ ക്യാമ്പിൽ വിദ്യാലയത്തിൽ നിന്ന് എട്ട് വിദ്യാർഥികൾ പങ്കെടുത്തതിൽ അമിത് സാബു സി, ശരബിന്ദ് പി എസ് എന്നിവർക്ക് ജില്ലാ ക്യാമ്പിലേക്ക് സെലെക്ഷൻ ലഭിച്ച്, വിദ്യാലയത്തിന്റെ അഭിമാന താരങ്ങളായി.

# TECH FRANCIA - II

## ക്യൂ ആർ കോഡ്




സർക്കാരിന്റെ നിർദ്ദേശപ്രകാരം സ്കൂളിനെ കുറിച്ച് പൊതുജനങ്ങൾക്ക് അറിയുന്നതിനുള്ള സമേതം പോർട്ടലിന്റെ ക്യൂ ആർ കോഡ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയത് പൊതുജനങ്ങൾക്ക് കാണുന്ന വിധത്തിൽ സ്കൂളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്ക് എല്ലാ ബുധനാഴ്ചയും നാലു മണി മുതൽ അഞ്ചു മണി വരെ ക്ലാസ് കൈറ്റ് മാസ്റ്ററുടെയും കൈറ്റ് മിസ്ട്രെസിന്റെയും നേതൃത്വത്തിൽ എടുത്തു വരുന്നു.

സ്കൂളിലെ സയൻസ് ക്ലബ്ബ്, ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് എന്നിവയുടെ നേതൃത്വത്തിൽ തൃശ്ശൂർ



രാമവർമപുരത്തുള്ള വിജ്ഞാൻ സാഗർ സയൻസ് & ടെക്നോളജി പാർക്ക് സന്ദർശിച്ചു. 122 വിദ്യാർത്ഥികളും 7 അധ്യാപകരുമാണ് സയൻസ് മ്യൂസിയത്തിലേക്ക് ജനുവരി 6 ന് പോയത്.






സയൻസ് മ്യൂസിയസത്തിലെ കാര്യങ്ങൾ മനസിലാക്കിയതിനുപുറമെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ അമിത് സാബു സി, നിയോ ചിറമ്മൽ എന്നീ വിദ്യാർഥികൾ സയൻസ് മ്യൂസിയം ഡയറക്ടർ ബഹുമാനപ്പെട്ട ഡോക്ടർ കെ ആർ ഡയസ് സാറുമായി അഭിമുഖം നടത്തി. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ അമൻ മെഹമൂദ്, ശരബിന്ദ് പി എസ് എന്നിവരാണ് DSLR ക്യാമറ ഉപയോഗിച്ച് അഭിമുഖം ഷൂട്ട് ചെയ്തത്.

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങളിലെ ഒരു ഗ്രൂപ്പിന്റെ പ്രൊജക്റ്റ് വർക്കായിട്ടാണ് വിദ്യാർഥികൾ ഇത് ചെയ്തത്.

# പ്രതിഭാദരം

**പ്രതിഭകളെ ആദരിക്കുന്നതിന്റെ ഭാഗമായി ശില്പ നിർമാണ കലാകാരനും സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയുമായ ശശീധരൻ സാറിനെ**






**സ്കൂൾ അസ്സംബ്ലിയിൽ വെച്ച് ആദരിച്ചു. അദ്ദേഹവുമായുള്ള അഭിമുഖവും പരിപാടികളും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ക്യാമറയിൽ പകർത്തി.**

**ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്ക് നടത്തിവരുന്ന ക്ലാസ്സുകളിൽ നിന്ന് .**







# TECH FRANCIA - II

# ലിറ്റിൽ കൈറ്റ്സ് ക്ലബ് 2019-22



ഈ വർഷം കൈറ്റ്സ് നൽകിയ അഭിരുചി പരീക്ഷ എട്ടാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് നടത്തി അതിൽ നിന്നും തിരഞ്ഞെടുത്ത 28 പേരാണ് 2019–2022 ബാച്ച് ലിറ്റിൽ കൈറ്റ്സ്



അംഗങ്ങളായിട്ടുള്ളത്. 2019–2021 ബാച്ചിനും 2019–2022 ബാച്ചിനും ഐഡി കാർഡുകൾ നൽകിയിട്ടുണ്ട്. എട്ടാം ക്ലാസ്സിലെ ലിറ്റിൽ കൈറ്റ്സ്



അംഗങ്ങൾക്കുള്ള ഒരു ദിവസത്തെ പ്രിലിമിനറി ക്യാമ്പ് 2019 ഡിസംബർ 20 ന് സ്കൂളിൽ വെച്ച് നടത്തി. ചിറ്റാട്ടുകര സ്കൂളിലെ SITC ജോഷി മാസ്റ്ററും എൽ എഫ് മമ്മിയൂർ സ്കൂളിലെ നിധി ടീച്ചറുമാണ് ക്ലാസ് നയിച്ചത്. വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകി.

# TECH FRANCIA - II

## റോബോട്ടിക്സ് പരിശീലനം

2018–20 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങളായ വിദ്യാർത്ഥികൾ തലക്കോട്ടുകര വിദ്യ എഞ്ചിനീയറിംഗ് കോളേജിൽ രണ്ട് ദിവസത്തെ റോബോട്ടിക്സ് പരിശീലനത്തിൽ പി ടി എ യുടെ സഹകരണത്തോടെ പങ്കെടുത്തപ്പോൾ.







യു പി വിഭാഗത്തിൽ ഹൈടെക്കിന്റെ ഭാഗമായി അഞ്ച് ലാപ്ടോപ്പുകളും അതിനുള്ള യു എസ് ബി സ്പീക്കറുകളും രണ്ട് പ്രോജെക്ടറുകളും സർക്കാരിൽ നിന്ന് ലഭിച്ചു. ക്ലാസ്സിലും ഐ ടി ലാബിലുമായി യു പി വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകി വരുന്നു. പ്രൈമറി എസ് ഐ ടി സി യായ വർഗീസ് ജോബ് മാസ്റ്റർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.



# TECH FRANCIA - II

ശരബിന്ദ് പി എസ്
(സ്റ്റുഡൻറ് എഡിറ്റർ)



## തീ

അണക്കരുത് നീയിന്ന് നിന്നിലെ തീക്കനൽ
നിൻ സ്വപ്ന ചിന്തയാം തീ നാളവും
മറക്കരുത് നീ വന്ന വഴികൾ പഠിപ്പിച്ച
മനസ്സിൻ കരുത്തെന്ന നിന്നായുധം
നടക്കുന്ന പാതയിൽ ചതിയാൽ തളർന്നാലുമ-
ണയാതിരിക്കുകാ തീയോർക്കുക
തീക്കനലായിന്ന് നീയാളുക, മണ്ണിൽ
കാട്ടുതീപോലിന്ന് നീ പാറുക
നിന്നിലെരിയട്ടെ ചാരമായ് പ്രതിസന്ധികൾ
തീർത്ത പടയും കുതിരയും പീരങ്കിയും
ലക്ഷ്യത്തിലേക്കു നീ പതറാതെ പായുക
നീയാളുക നിന്നിലണയാതെയാളുക
കത്തിജ്വലിക്കുക നിത്യം ജ്വലിക്കുക
നിന്നടയാളമീ പാരിലുയർത്തുക.

# സമാദരണം

വിദ്യാരംഗം സംസ്ഥാന അധ്യാപക
കലാ സാഹിത്യ പുരസ്കാര ജേതാവ്



ജോൺസൺ മാസ്റ്റർ
ചിത്രകലാ അധ്യാപകൻ

ദേശീയ ബോൾബാറ്റ്മിന്റൺ
താരങ്ങളുടെ പരിശീലകൻ



സന്തോഷ് മാസ്റ്റർ
എച്ച് എസ് എസ് ടി, ഇംഗ്ലീഷ്

സെന്റ് ഫ്രാൻസിസ് എച്ച് എസ് എസ് മറ്റം

# CONSERVATION OF NATURE



Cynil Sabu C (IX A)

## Introduction

**Nature fulfils our basic requirement to live by providing us air, water, land, sunlight and plants. These resources are further used to manufacture various things that make life more convenient and comfortable for human beings. Unfortunately, man has grown so engrossed in over utilizing these resources to invent newer things that he has almost forgotten the importance of conserving them. As a result many of these resources are depleting at a fast phase and if it continues this way then the survival of human beings as well as other living things on earth would become difficult.**

## What conservation of nature means

**The conservation of nature means the protection of forests, land, water bodies and conservation of resources such as minerals, fuels, natural gas etc. to ensure that all of these would continue to be available in abundance. There are many ways in which common man can help in the conservation of nature. Here are some of those that can be done easily and can make huge difference.**

## Restrict usage of water

**Water must be used wisely else that day wouldn't be far when we have to pay a huge price for it. Turn off the tap while brushing your teeth, limit the number of showers, use**

**the water to water the plants or clean the house so as to ensure wise usage of water. “A drop of water is worth more than a sack of gold to a thirsty man”.**

## Limit usage of electricity

**Limiting the usage of electricity is also essential for the conservation of nature. Simple things such as turning off the electric appliances when they are not used and switching to energy saving lights, such as LED lights to save electricity. “Energy conserved is the energy produced”.**

## Plant trees and grow vegetation

**It is advised to plant as many trees as possible to make up for those that are cut each day. Also grow vegetables at home to restrict the usage of chemical fertilizers used in large scale for farming. Besides these people can do bit by limiting usage of papers, employing rain water harvesting system, restricting usage of  cars and lastly by spreading awareness about the conservation of nature. “He that plants trees loves others besides himself”.**

## Conclusion

**To keep earth in its serene and pristine form, it is very essential to conserve nature and its resources in their present form, maintaining both quality and quantity. ”Conservation of nature” relates to not just conserving not just one or two elements of mature- water, soil, forest, flora and oceans, air, plants, insects, birds etc. Which together constitute nature or our natural habitat.**



# വെളിച്ചമേ നയിച്ചാലും

ഇരുൾ മൂടുമീ  ജീവിതപാതയിൽ
ഒരു നുറുങ്ങു  വെട്ടത്തിനായി കേണു ഞാൻ
എങ്ങോട്ടെന്നറിയാതെ വഴിമുട്ടി-
 യൊരെൻ ജീവിതത്തെ കൂരിരുട്ടിൻ
കരാള ഹസ്തത്തിൽ നിന്നും
രക്ഷിപ്പാനെത്തി നീ വെളിച്ചമേ
നീ നൽകിയ തെളിമയിൽ
അകന്നതെൻ ആധിയും വ്യാധിയും
സ്ഫടിക തിളക്കത്തോടെ തെളി-
ഞ്ഞൊരു മാർഗ്ഗേ ചരിപ്പൂ ഞാൻ
സത്യത്തിൻ നേർക്കാഴ്ചകളേകി
 ദുർഘടമേറുമീ  ജീവിതമാർഗേ
വിയർപ്പിറ്റുവീണു തളർന്നൊരെൻ
അന്തരംഗത്തിനു കുളിർകാറ്റായി നീ
ആദിയിൽ ദൈവചൈതന്യമായി
ഉരുവായുരൊരു വെളിച്ചമേ
എന്നും നീയെൻ അകക്കണ്ണിനു
കാഴ്ചയേകും  മഹാദീപമായി വഴി കാട്ടിയാലും
അന്ധകാരത്തിൻ സഹചാരികളേകും
ബന്ധനങ്ങളിൽ നിന്നും മുക്തി നൽകിയാലും
ലോകത്തിൽ പരക്കുമീ ഇരുളിൻ
ശക്തിയേ ജയിച്ചാലും
വെളിച്ചമേ നയിച്ചാലും



സൗമ്യ തോമസ് വി
യു പി എസ് ടി
സെൻറ് ഫ്രാൻസിസ് എച്ച് എസ് എസ് മറ്റം.

# വേനൽ



സിനാൻ ആർ എസ്  (VI B )

എന്തിനാ ഞങ്ങളോടിത്ര കോപം സൂര്യാ ....
എന്തിനാ ഞങ്ങളോടിത്ര ക്രോധം
പച്ച പിടിച്ച കിടക്കുന്ന നാടിനോടെന്തിനാ–
സൂര്യാ നിനക്കിത്ര കോപം.

വെള്ളമില്ലാതെ പിടഞ്ഞു മരിക്കുന്ന
മാനവരാശി നിനക്കെന്തു ചെയ്തു
ആളി പുകച്ച ഈ  നാടിനെ കത്തിക്കാൻ
മനവരാം  ഞങ്ങളെന്തു  ചെയ്തു

വയലുകൾ കത്തിക്കരിച്ച പുകക്കുവാൻ–
കർഷകർ എന്തു നിന്നോട് ചെയ്തു .
സൂര്യ കിരണങ്ങളേറ്റു  പിടഞ്ഞു മരിക്കുന്ന–
പൈതങ്ങളെന്തു നിന്നോട് ചെയ്തു.

പറവതൻ ഭവനത്തിൽ ഇലകൾ പൊഴിക്കുവാൻ
ഈ പാവം പറവകളെന്തു  നിന്നോട് ചെയ്തു .
ഭ്രമിതൻ മാറിടം കത്തി ജ്വലിപ്പിക്കാൻ
ഈ അമ്മയാം ഭ്രമി നിന്നോടെന്തു  ചെയ്തു .

ശത്രുക്കളെപ്പോലെ  ദ്രോഹിക്കുവാൻ
ഈ മനുഷ്യരാം ഞങ്ങളെന്തു നിന്നോടെന്തു  ചെയ്തു .
ചൊല്ലൂ നീ സൂര്യാ ... പറയൂ  സൂര്യാ .......
എന്തിനാ ഞങ്ങളോടിത്ര ക്രോധം.

# Nature



Amit Sabu C (IX A)

I am the reflection of heaven
where angels sing and dance
where everything is beauty.

I am the cover of earth
home for the stray
and shield for the prey

I am the mother of everyone,
who satisfies the needs of everyone
like a mother satisfies the needs of her baby.

But now  I am a mother,
who was betrayed by her children
and sank in the ocean of sadness.

I am like the punishing mother,
who punished her children for their faults
but also caring and loving mother.

# ചിത്രകലാ കുടുംബം

ചിത്രകലയിൽ അഭിരുചിയുള്ള കുട്ടികൾക്കായി വെള്ളിയാഴ്ച ദിവസങ്ങളിൽ ഉച്ചക്ക് 1 .00 മണി മുതൽ 1.45 വരെ ചിത്രകലാ ക്ലാസുകൾ നടത്തുന്നു. ചിത്രകലാ അധ്യാപകനായ സി ടി ജോൺസനാണ് ക്ലാസുകൾ നയിക്കുന്നത്. വാട്ടർ കളറിലും, ക്രയോൺസിലും പെൻസിലിലും തീർത്ത ചിത്രങ്ങൾ ചിത്രരചന പ്രദർശന ബോർഡിൽ പ്രദർശിപ്പിക്കുന്നു.




കൂടാതെ ചിത്രകലാ ക്യാമ്പുകൾ പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. ചിത്രകലയിൽ പ്രഗല്ഭരായവരെ വിദ്യാലയത്തിലേക്ക് കൊണ്ടുവന്ന് വിദ്യാർത്ഥികൾക്കായി ഡെമോൺസ്ട്രേഷനും നടത്താറുണ്ട്.




**Aryan V N (VIII C)**
**(Wood carving, First with A Grade in Dist. Level & State participant)**



**Alen C Johnson (IX D)**
**(Fabric Painting, Second A Grade in Sub Dist. & District participant)**

# ചിത്രം





Jeswin Paul (VIII B)





Nevin Chiramal (VIII B)

# ചിത്രം





Nivedh Krishna (VIII B)






Athul Krishna N A (IX C)

# ആസ്വാദന കുറിപ്പ്

## 'വെള്ളം '



അലക്സ് ടി ജെ (IX C)

വെള്ളത്തെപ്പറ്റി കെ .അജയകുമാർ എഴുതിയ 'വെള്ളം ' എന്ന പുസ്തകം വായിച്ചു. ഭൂമിയിൽ മൂന്നിൽ രണ്ടു ഭാഗവും വെള്ളമാണെന്ന് മനസിലായി . പല സംസ്കാരങ്ങളും വെള്ളത്തിനോട് അനുബന്ധിച്ചു കിടക്കുന്നു. ജല ഗതാഗതം മനുഷ്യന് വളരെ ഉപയോഗപ്രദമാണ് . വെള്ളത്തെ സാർവികജാലകം എന്ന് പറയുന്നു . കാരണം വെള്ളത്തിന് മറ്റു ദ്രാവകങ്ങളെ അപേക്ഷിച്ച ഒട്ടേറെ പദാർത്ഥങ്ങളെ ലയിപ്പിക്കാനുള്ള കഴിവുണ്ട് .

വെള്ളത്തിന്റ ബൗദ്ധിക ഗുണങ്ങൾ മനസിലായി. ഖരം ,ദ്രാവകം ,വാതകം എന്നീ മൂന്ന് അവസ്ഥകളിൽ സ്ഥിതി ചെയ്യുന്നു.വെള്ളത്തിന്റെ പ്രതല ബലം മറ്റു ദ്രാവകങ്ങളെക്കാൾ കൂടുതലാണ്. ജലം പുതിയതായി സൃഷ്ടിക്കപ്പെടുന്നില്ല. ഭൂമിയിലുള്ള ജലം ആവിയായി മേഘമായി മഴയായി വീണ്ടും ഭൂമിയിൽ പതിക്കുന്നു. നാമിന്നു ഉപയോഗിക്കുന്ന ജലം നൂറ്റാണ്ടുകൾക്കു മുൻപ് വേറെ ആരൊക്കയോ ഉപയോഗിച്ചതാണ് . ആർക്കറിയാം ; ഒരുപക്ഷേ,വില്യം ഷേക്സ്പിയർ മുഖം കഴുകിയ വെള്ളമായിരിക്കും നമ്മൾ ഇന്ന് കുടിച്ചിട്ടുണ്ടാകുക



ജാൻസിഫ്രാൻസിസ്
എച്ച് എസ് ടി
സെൻറ് ഫ്രാൻസിസ് എച്ച് എസ് എസ്, മറ്റം

# ടീച്ചറാകാൻ ധൈര്യമുണ്ടോ ?

പ്രിയപ്പെട്ട ടീച്ചർ....... വാത്സല്യപൂർവ്വം അവന്റെ കൈകളിൽ പിടിച്ച് അവനറിയേണ്ട എല്ലാ അറിവുകളിലേക്കും അവനെ നയിക്കണം. ജീവിതം മുന്നോട്ട് നയിക്കാനാവശ്യമായ സ്നേഹം, ധൈര്യം, വിശ്വാസം തുടങ്ങിയവ അവനു പകർന്നു നൽകണം. ഇതു കൂടി അവനെ പഠിപ്പിക്കുക. എല്ലാ തെമ്മാടികൾക്കും പകരമായി നല്ലവരും, സ്വാർഥത നിറഞ്ഞ രാഷ്ട്രീയക്കാർക്ക് പകരം അർപ്പണബോധമുള്ളവരും... എല്ലാ ശത്രുക്കൾക്കും പകരം സ്നേഹമുള്ളവരും ഉണ്ടെന്ന് അവനെ പഠിപ്പിക്കുക. അധ്വാനത്തിന്റെ മഹത്വവും തോൽവികൾ ഏറ്റെടുക്കാനുള്ള ധൈര്യവും പൊട്ടിച്ചിരിക്കുവാനുള്ള കഴിവും അവന് ഉണ്ടാകണം . പുസ്തകങ്ങളുടെ വിസ്മയവും ......ഭൂമിയിലെ തേനീച്ചയും ആകാശത്തിലെ പറവകളും....... കുന്നിൻചെരുവിലെ പൂക്കളും അവൻ അറിയട്ടെ. മറ്റുള്ളവരെ വഞ്ചിക്കുന്നതിനേക്കാൾ സ്വയം തോറ്റു കൊടുക്കുവാനും സ്വന്തം ആശയങ്ങളിൽ വിശ്വസിക്കാനും എല്ലാവരുടെയും വാക്കുകൾക്കും ചെവിയോർക്കാനും അവനു സാധിക്കട്ടെ.... സർവോപരി അവൻ നല്ലൊരു മനുഷ്യനായിത്തീരട്ടെ. അമേരിക്കൻ പ്രസിഡണ്ടായിരുന്ന എബ്രഹാം ലിങ്കൺ തന്റെ മകൻ ആദ്യമായി സ്കൂളിലേക്ക് വരുന്ന ദിവസം അവൻറെ ടീച്ചർക്കെഴുതിയകത്തിലെപ്രസക്ത ഭാഗങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

ഒരു ടീച്ചർ ഒരു വിദ്യാർത്ഥിക്ക് ആരായിരിക്കണം എങ്ങനെയായിരിക്കണം എന്നതിന് ഇതിൽ കൂടുതൽ വിശദീകരണം അപര്യാപ്തമാണ്.

ഒരു കാലഘട്ടത്തിലെയും സമൂഹത്തിലേയും ശ്രേഷ്ഠത നിറഞ്ഞ ഒരു ജോലിയാണ് അധ്യാപകവൃത്തി. ഒരു ജോലി എന്ന് പറയുന്നതിനേക്കാൾ അതൊരു ജീവിതാവസ്ഥ തന്നെയാണ്. ജീവനുള്ള ചിന്താശേഷിയും പ്രതികരണശേഷിയും നിറഞ്ഞ വിദ്യാർത്ഥികളാണ് നമുക്കുമുന്നിലുള്ളത്. വ്യത്യസ്ത മാതാപിതാക്കളിൽ നിന്ന് ,

# TECH FRANCIA - II

കുടുംബങ്ങളിൽ നിന്ന് ജീവിതസാഹചര്യങ്ങളിൽ നിന്ന് വരുന്നവർ അവർക്കു മുന്നിൽ അമ്മയായും അച്ഛനായും .....കൂട്ടുകാരനായും കൂട്ടുകാരിയായും ...... കൈത്താങ്ങായും മെന്ററായും അങ്ങനെ എത്രയെത്ര വേഷങ്ങൾ കൈകാര്യം ചെയ്യാനുണ്ട് ഒരു നല്ല അധ്യാപകന് അഥവാ അധ്യാപികയ്ക്ക്.

ചിലർ പറയാറുണ്ട് അധ്യാപനം ഒരു കലയാണെന്ന്. അതു ശരി തന്നെ. പക്ഷേ ഇക്കാലഘട്ടത്തിൽ നല്ല ചങ്കുറപ്പും ചങ്കൂറ്റവും ഉള്ളവർക്ക് പ്രവേശിക്കാവുന്ന ഒരു ജീവിതാവസ്ഥയായി അധ്യാപനം മാറിയിരിക്കുന്നു. മാറുന്ന കാലത്തിനൊപ്പം നടന്ന് വിവരസാങ്കേതിക വിദ്യയുടെ മാന്ത്രിക ലോകം ആവാഹിച്ച് വിദ്യാർഥികളെ തന്റെ ഒപ്പം കൂട്ടുവാനും. പഠനത്തിന്റെ പുതുമേച്ചിൽപ്പുറങ്ങളിലേക്ക് അവരെ കൈപിടിച്ച് നടത്താനും അധ്യാപകർക്ക് കഴിയട്ടെ. ലോകം അതിവേഗം മാറുകയാണ്. സാങ്കേതികവിദ്യകൾ ദ്രുതഗതിയിൽ വളരുന്നു. വിദ്യാഭ്യാസരംഗത്തും അതിന്റെ അലയൊലികൾ പ്രകടമാണ്. ആധുനിക ജീവിത സൗകര്യങ്ങളുടെ താളങ്ങളും താളപ്പിഴകളും വിദ്യാർത്ഥി മനസ്സുകളിൽ പ്രകടമാകുമ്പോൾ അവരെ മുന്നിൽ നിന്ന് നയിക്കാൻ പ്രാപ്തിയുള്ള അഭിനവഗുരുവര്യന്മാർ ഉയർന്നുവരേണ്ടത് കാലഘട്ടത്തിൻറെ ആവശ്യമാണ്. ഉപദേശങ്ങളും പ്രഭാഷണങ്ങളും ന്യൂജെൻ കാർക്ക് ഇഷ്ടമല്ല. പ്രവർത്തികളാണ് അവർക്കാവശ്യം. കുട്ടികളുടെ കണ്ണിനെയും കാതിനെയും ആകർഷിച്ച് , അവരുടെ ബുദ്ധിയിൽ ആശയങ്ങൾ നിറച്ചു നൽകുക എന്ന അധ്യാപന കല ഏറെ ശ്രമകരം തന്നെ. ഒരു അദ്ധ്യാപികയായിരിക്കാൻ ഭാഗ്യം ലഭിച്ചു എന്നത് ഒരു സൗഭാഗ്യമായി ഞാൻ കണക്കാക്കുന്നു. മനസ്സിന് ഇണങ്ങിയ ഒരു ജോലി എന്നതിനേക്കാൾ ആസ്വദിച്ച് ചെയ്യാവുന്ന ഒരു സൽപ്രവർത്തിയായി അധ്യാപനത്തെ കാണാനിഷ്ടം.

ഒരുപക്ഷേ അധ്യാപിക ആകാൻ സാധിച്ചില്ലെങ്കിൽ ആരാകുമായേനെ എന്ന് ഇടയ്ക്ക് എന്നോട് തന്നെ ചോദിക്കാറുണ്ട്. അത് ഒരുപക്ഷേ കൃഷി – മൃഗസംരക്ഷണം തന്നെയായിരിക്കാം. കാരണം അധ്യാപനവും കൃഷിയും രണ്ടും ജീവനെ വളർത്തിയെടുക്കുന്ന ശ്രേഷ്ഠ കല തന്നെ.

ഒരു ചെടിയെ വളർത്തിയെടുക്കാനും നുള്ളി കളയാനും കർഷകനു സാധിക്കും. കർഷകന്റെ കണ്ണുതെറ്റിയാൽ ചെടിയിൽ കീടബാധയുണ്ടാകും. നമ്മുടെ മുന്നിലിരിക്കുന്ന കുട്ടിയെ നുള്ളിയെറിയാനും വെട്ടിയൊരുക്കാനും നിറയെ കായ്ഫലമുള്ളതാക്കാനും അധ്യാപകനു കഴിയും. ഏതൊക്കെ ചെടിക്ക് എന്തൊക്കെ വളം ഏതവസരത്തിലൊക്കെ നൽകണം എന്ന് കർഷകനറിയുന്നതുപോലെ മുന്നിലിരിക്കുന്ന വിദ്യാർത്ഥിക്ക് സ്നേഹമാണോ, ശാസനയാണോ, പരിചരണം ആണോ എന്താണ് വേണ്ടതെന്ന് കണക്കാക്കി വിദ്യാർത്ഥി സമൂഹത്തെ വളർത്താൻ കുട്ടികളുടെ മനസ്സറിഞ്ഞ അധ്യാപകർക്കേ കഴിയൂ. ആയിരം അവാർഡുകളേക്കാൾ ശ്രേഷ്ഠതയുണ്ട് ഒരു കുഞ്ഞിന്റെ മനസ്സിൽ ഇടം നേടാനായാൽ. അത്തരം ഒരു അധ്യാപകനാകാൻ / അഥവാ അധ്യാപികയാകാൻ കാലം നമ്മെ വിളിക്കുന്നു. ചങ്കൂറ്റമുണ്ടോ നിങ്ങൾക്ക് ?

====================

# ചിത്രം



Anson T Thomas (VIII D)



# സ്പോർട്സ് മത്സര വിജയികൾ

**വിവിധ മത്സര വിജയികൾ കായികാദ്ധ്യാപകനായ സിജു പി ജോൺ മാസ്റ്ററോടൊപ്പം.**



4X100 m Relay Sub. Dist. Second JISHNU KS(IX D), GOWTHAM KRISHNA PR (VIII A), AMAL KRISHNA T U (IX D), MUHAMMED JASEEM R S(VIII A) & ABDUL RASHEED V J (VIII A)



100m, 400m Running race Sub Dist. First,

200m Running race Sub Dist. Second

ABDUL RASHEED V J (VIII A)

# TECH FRANCIA - II



JISHNU KS (IX D)

Long jump Sub Dist. First,

4000m Running race Sub Dist. Second.



Ball batminton Sub Dist. First – Agin Aippunny (IX B), Manu Krishna P S (IX D), Athul Krishna P B (X B), Vijay V V (X C), Adithyan C (X C).



Dharshik P R (X B)

Football District third

# ഇൻസ്പയർ അവാർഡ്

ഇന്ത്യാ ഗവണ്മെന്റ് സയൻസ് & ടെക്നോളജി വിഭാഗം വിദ്യാർത്ഥികളുടെ നവീനവും ചിലവ് കുറഞ്ഞതുമായ സയൻസ് ആശയങ്ങൾക്ക് നൽകുന്ന ഇൻസ്പയർ അവാർഡിന് പത്താം ക്ലാസിൽ പഠിക്കുന്ന അനോഷ് രാജു അർഹനായി. മൾട്ടി ഫ്ലോർ ക്ലീനർ എന്ന ആശയത്തിനാണ് അവാർഡ് ലഭിച്ചത്. അനോഷിന് സ്കൂളിന്റെ അഭിനന്ദനങ്ങൾ നേരുന്നു.



അനോഷ് രാജു (X A)

# കുന്നംകുളം ഉപജില്ലാ സയൻസ് മേള



ഉപജില്ലയിൽ സ്റ്റിൽ മോഡൽ ഒന്നാം സ്ഥാനം & ജില്ലാ പങ്കാളിത്തം

Joyal C L (IX C) & Pavan P P (IX D)

# സ്കൗട്ട് യൂണിറ്റ്

നമ്മുടെ വിദ്യാലയത്തിൽ സ്കൗട്ട് യൂണിറ്റിന്റെ പ്രവർത്തനം സജീവമായി നടന്നു വരുന്നു. ഈ വർഷം യു പി , ഹൈസ്കൂൾ വിഭാഗങ്ങളിലായി 32 വിദ്യാർത്ഥികൾ ഈ സംഘടനയിൽ പ്രവർത്തിച്ചു വരുന്നു . കാരുണ്യ പ്രവർത്തനം , ലഹരിവിരുദ്ധ ബോധവൽക്കരണം , ആരോഗ്യ പരിപാലനം തുടങ്ങിയ മേഖലകളിൽ ഈ യൂണിറ്റ് കാര്യക്ഷമമായി പ്രവർത്തിക്കുന്നു .വിവിധ ദിനാചരണങ്ങൾ , സ്വാതന്ത്ര്യ ദിനം , ഗാന്ധിജയന്തി , വിദ്യാലയ ശുചീകരണ പ്രവർത്തനങ്ങൾ, പ്ലാസ്റ്റിക് നിർമാർജ്ജനം തുടങ്ങിയ കാര്യങ്ങളിലും യൂണിറ്റിന്റെ സാന്നിധ്യം സജീവമാണ് .

സ്കൗട്ട് യൂണിറ്റിന്റെ പുതിയ കുട്ടികൾക്കായി ആഗസ്റ്റ് 1, 2 , 3 തീയതികളിൽ കേച്ചേരി അൽ – അ മീൻ ഹയർ സെക്കന്ററി സ്കൂളിൽ വെച്ച് നടന്ന P .L ക്യാമ്പിൽ നമ്മുടെ വിദ്യാലയത്തിൽ നിന്നും 9 കുട്ടികൾ പങ്കെടുക്കുകയുണ്ടായി. കൂടാതെ സ്കൗട്ടിന്റെ ദ്വിതീയ, തൃതീയ ടെസ്റ്റുകളിൽ വിദ്യാർത്ഥികൾ അവരുടെ മികച്ച പ്രകടനം കാഴ്ച വെച്ചു .ഏനാമാക്കൽ സെന്റ് . ജോസഫ് ഹൈസ്കൂളിൽ വെച്ച് നടന്ന ജില്ലാതല



കാബോരിറ്റിൽ സാവിയോ .പി എ സ് , ശിവ സി ഡി , അതുൽകൃഷ്ണ പി എ സ് , ഘനശ്യം, സിനാൻ ടി എ ഫ് എന്നീ കുട്ടികൾ പങ്കെടുത്തു . ഡിസംബർ 26 ,27 ,28 തീയതികളിൽ പെരുമ്പിലാവ് ടി .വി .എം .എച്ച്. എസ്. എസ്. – ൽ വെച്ച് നടന്ന സംസ്ഥാനതല രാജപുരസ്കാർ ടെസ്റ്റിൽ ഹരികൃഷ്ണ പി എസ് , ആരോൺ ഇ ജെ , ജിഷ്ണു പി ടി , അമൽദാസ് ടി എ സ് , മുഹമ്മദ് റിൻഷാദ് , ആൽബിൻ ഷാജു ,ഡോൺ തോമസ് ഇ , സൂരജ് വി സി , അലൻ സി ജോൺസൺ എന്നീ വിദ്യാർത്ഥികൾ പങ്കെടുക്കുകയും രാജപുരസ്കാർ അവാർഡിന് അർഹത നേടുകയും ചെയ്തു .

കൃഷ്ണൻ വി പി
എച്ച് എസ് ടി
സെൻറ് ഫ്രാൻസിസ് എച്ച് എസ് എസ്, മറ്റം

# പ്രസംഗം



എം .എൽ . സനൽ(VIII D)

പ്രിയപ്പെട്ട സദസ്സ്യരെ ,

എല്ലാവർക്കും എന്റെ നമസ്ക്കാരം .അധ്യാപകർ, പ്രധാനാധ്യാപകൻ ,വിദ്യാർത്ഥികൾ എന്നിവരെയെല്ലാം നമിച്ചു കൊണ്ട് ഞാൻ ആരംഭിക്കട്ടെ .എന്റെ കൂട്ടുകാരെ നമുക്കറിയാവുന്നതു പോലെ കേരളം വികസനത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ് .

എന്താണ് വികസനം,

എങ്ങിനെ വേണം വികസനം എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ .

വികസനം നല്ലതു തന്നെ എന്നാൽ അത് പ്രകൃതിയെ മറ്റൊരു കയ്യിൽ താങ്ങി കൊണ്ട് വേണം എന്ന് മാത്രം . നമ്മൾ പ്രകൃതിയെ തിരിഞ്ഞു നോക്കുന്നതുപോലുമില്ല. ആമസോൺ കാടുകൾ കത്തിയെരിയുമ്പോൾ നോക്കി നിന്നവർ ഇനി എന്തു പഠിക്കും ? ചുട്ടു പഴുത്തു കൊണ്ടിരിക്കുന്ന ഭൂമിയെ തണുപ്പിക്കുന്നതു വനങ്ങളാണ് എന്നവർക്ക് അറിയാമായിരുന്നിട്ടുപോലും അവർ അങ്ങനെ ചെയ്തു. ഓരോ മരം മുറിക്കുമ്പോൾ പുതിയ പത്ത് മരം വെച്ച് പിടിപ്പിക്കണമെന്നാണ് എന്റെ 'അമ്മ എന്നെ പഠിപ്പിച്ചിട്ടുള്ളത് . പരിസ്ഥിതി സൗഹാർദ്ദമായ വികസനമാണ് നമുക്ക് വേണ്ടത് . കാശുള്ളവർക്കു എന്തും ചെയ്യാം എന്ന മനോഭാവമാണ് ആദ്യം മാറേണ്ടത് . ആഗോള താപനില വർഷം തോറും വർധിക്കുമ്പോൾ നമ്മൾ പതിവുപോലെ തീയിടുകയും പ്ലാസ്റ്റിക് കത്തിക്കുകയും ചെയ്യുന്നു . ഓരോ ടവർ പണിയാനും എത്ര രൂപയാണ് ചിലവഴിക്കുന്നത് . ആ തുകയുടെ പകുതി മരങ്ങൾക്കു വേണ്ടി ഉപയോഗിച്ചിരുന്നെങ്കിൽ ഈ സ്ഥിതി ഉണ്ടാകുമായിരുന്നോ ? പഠിക്കേണ്ട സമയം ആഗതമായി .പുതിയ ഭൂമി തേടി പോവുകയല്ല വേണ്ടത് . ജീവിക്കുന്ന ഭൂമി സംരക്ഷിക്കുകയാണ് വേണ്ടത് .പ്ലാസ്റ്റിക് മാലിന്യങ്ങളിൽ നിന്ന് പെട്രോൾ ഉൽപ്പാദിപ്പിക്കാനുള്ള സാങ്കേതിക വിദ്യ വരെ മനുഷ്യൻ കണ്ടു പിടിച്ചിരിക്കുന്നു . നമ്മുക്ക് സുസ്ഥിരമായ കേരളമാണ് വേണ്ടത് .അതിനായി നമ്മുക്ക് ഒരുമിച്ച് കൈകോർക്കാം . സുസ്ഥിര വികസനം സുരക്ഷിത കേരളം .

# ആസ്വാദനകുറിപ്പ്



## ഉദയസംക്രമം

അക്ഷയ് മണികണ്ഠൻ (IX C)

കുട്ടികളും മാഷും തമ്മിലുള്ള ആത്മ ബന്ധത്തിന്റെ കഥ പറയുന്ന പുസ്തകമാണ് ഉദയ സംക്രമം . സർ കെ .പി .സുരേന്ദ്രൻ ആണ് ഇതു എഴുതിയത് . ഇതിൽ മൂന്ന് കഥാപാത്രങ്ങൾ ആണ് ഉള്ളത്.ശേഖരൻ മാസ്റ്റർ, രാമു , മുസ്തഫ . ഒരിക്കൽ ശേഖരൻ മാസ്റ്റർ മുസ്തഫയെ അടിക്കുന്നു. അറിയാതെ മുസ്തഫയുടെ കണ്ണിൽ കൊള്ളുന്നു . അതിൽ കോപിതനായ രാമു സമരം നടത്തുന്നു . പിന്നീട് ശേഖരൻ മാഷ് മാപ്പ് പറയുകയും ചെയ്യുന്നു . വലിയ ക്ലാസ്സുകളിൽ എത്തിയപ്പോൾ മുസ്തഫയ്ക്ക് പഠിക്കാനുള്ള സാഹചര്യങ്ങൾ മാഷ് ഒരുക്കി കൊടുക്കുന്നു. അങ്ങനെ മുസ്തഫ പ്രശസ്തനായ ഡോക്ടർ ആകുന്നു . രാമു മുഖ്യമന്ത്രി ആകുന്നു . അപ്പോഴക്കും ശേഖരൻ മാഷ് അസുഖം കാരണം ആശുപത്രിൽ ആകുന്നു. മാഷ് കടുത്ത ദരിദ്രത്തിൽ ആയിരുന്നു. മുസ്തഫയും മുഖ്യമന്ത്രിയായ രാമുവും മാഷിനെ സഹായിക്കുന്നു. അവസാനം എല്ലാം ശുഭകരമായി അവസാനിക്കുന്നു .

# നേതാവ്



സൗമ്യ തോമസ് വി
യു പി എസ് ടി
സെൻറ് ഫ്രാൻസിസ് എച്ച് എസ് എസ് മറ്റം.

പൊയ്മാലണിഞ്ഞും കാല്യവാരിയും
അധികാരക്കസേരക്കായ് കുതികാൽ വെട്ടിയും
നിനക്കാതെ കുടിലതന്ത്രങ്ങൾ മെനഞ്ഞും
തൈതരും കുടത്തിലെ തവളകൾ കണക്കെ
കുതിച്ചുപൊന്തുന്നവനെ താഴേക്കു വലിച്ചിട്ടും
രാഷ്ട്രീയധവളത്തിൽ പൊതിഞ്ഞൊരു
നേതാക്കളിതാ മേവുന്നു സൈര്യമായ്
ചോരനീരാക്കിയൊരരിയ പ്രജതൻ
അധ്വാനസമ്പത്തും കൈക്കലാക്കി
നാടിൻ വികസനത്തിനായ്
നയതന്ത്ര ചർച്ചകൾക്കായ് വിമാനയാത്ര നടത്തും
നേതാവോ മറന്നുപോയി
മൈലുകൾ നഗ്നപാദനായ് താണ്ടി
ഇന്ത്യതൻ ഗ്രാമങ്ങൾ തൻ
നെട്ടുവീർപ്പും കിതപ്പും വിയർപ്പും
നെഞ്ചിലേറ്റി പോരാടി
ജനങ്ങൾ നേതാവാക്കിയ
ആ മഹത്‌വര്യനെ, ഗാന്ധിജിയെ
തനിക്കായ് കൈയ്യടിപ്പിച്ചും
പൊതുജനത്തെ കഴുതകളാക്കിയും
ധനമോഹം അതിമോഹമായ്
മനസുകറുത്തൊരു നേതാക്കൾ
ഒത്തുകളിക്കും കളിക്കളത്തിലെ
ചുളുങ്ങിമുഷിഞ്ഞൊരു പന്താവരുതേ നമ്മൾ.


# യു എസ് എസ് സ്കോളർഷിപ്പ്

വിദ്യാലയത്തിൽ എട്ടാം ക്ലാസിൽ പഠിക്കുന്ന എം എൽ സനലിന് ഏഴാം ക്ലാസിലെ യു എസ് എസ് സ്കോളർഷിപ്പ് ലഭിച്ചു. സനലിന് സ്കൂളിന്റെ അഭിനന്ദനങ്ങൾ.




എം .എൽ . സനൽ(VIII D)

# ചിത്രം





**Aryan N V (VIII C)**






**Alan Franci (VIII C)**

# ചിത്രം





അക്ഷയ് കെ എസ് (V A)





റിസ്റ്റോ എം ഡി (VIII A)

# TECH FRANCIA - II

## ചിത്രം





സൂര്യൻ എൻ വി (VIII C)






ഷോൺ തോമസ് (V B)

# ചിത്രം





രൂപേഷ് സി ജി (IX C)





ഗോഡ്‌വിൻ ദാസ് സി (VIII A)

# ചിത്രം





ശ്രീരാഗ് കെ ജെ (VIII D)



പവി പി പദ്മകുമാർ(VIII C)



# ചിത്രം






ഘനശ്യാം കെ എം (IX B)





യദുകൃഷ്ണ കെ എം (VIII A)

# LIGHT ON THE HILLS



**Larson Sebastin M**
**HST, English**
**St. Francis HSS Mattom**

**Light represents knowledge; It removes darkness. Life is a contradictory mixture of pain and pleasure; light and darkness; good and evil etc. How can we retain positive qualities in this world and make it a happy one? Its a question from time immemorial and man has found innumerable ways to lighten all the burdens in his day to day life. Still new and challenging burdens are coming even though human beings progress with the help of science and technology. One such burden is how to deal with the waste.**

**The biggest threat regarding the waste management is the mindset of the people that “our waste is not our responsibility”.This evil mindset is to be transformed to “our waste is our responsibility”.Our school too has been trying to find a humble solution to tackle the waste. We used to put our different types of wastes in one waste pit. i.e ,bio-degradable and non-degradable waste. Bio-degradable wastes in our school consist of food waste and paper waste. Non-degradable wastes include plastic covers of sweets ,pickles and sip ups. Putting it in one waste pit and burning it was our only solution earlier. This primitive plan pricked the minds of the students when they had a discussion on climate change in my class. Burning wastes especially plastics is a suicidal thing, they agreed. Certainly the question arose, “How to tackle the degradable and non-degradable waste?” Collecting plastics and send to recycling plant is the only solution. The next one is to “Reduce” but it seems to be more difficult. So students**

# TECH FRANCIA - II

implemented a plan to give a peanut sweet to those who collected 25 plastic covers or sticks. That was really successful and we could clean the whole campus and make it plastic free.



The next attempt is to deal with the food waste. With the help of my friend Manojkumar, a devoted member of Kerala Sastra Sahitya Parishad who spearheaded the waste treatment plant of Kunnamkulam Municipality, where the bio-degradable waste is treated by coir pith mixed with Inoculum bacteria ,we decided to have a miniature form of that plant in our school ,christened as “waste to wealth”.  We bought a plastic drum and made holes in it. Students started putting their wastes in the drum, when students of standard 9 acted as volunteers to persuade the children to change their earlier habit and to put the food waste in the “waste to wealth” drum. Inside the drum aerobic decomposition is happening. Coir pith absorbs the water content and the bacteria enhances the decomposition process. The manure we produce is rich in nutrients. Non teaching staff of the school maintained the mixing of coir pith to the food waste, use it as manure to our gardens especially vegetable gardens. Thanks to the muncipality for supplying the coir pith.  This programme needs collective efforts- Teaching  staff to remind the children  to put their leftovers in “waste to wealth” drum, students to obey it, non teaching staff to maintain it  and the authorities to supervise it.



Thus the phrase “Light on the hills” to describe our school which is situated on a hill, becomes literally true when a project

becomes a humble attempt to solve a deadly menace of the society and let this light remains a model to be followed by 1000 students. Hope the next generation may find far better ways to solve this issue. If not, it is sure that we will perish together. Let's make this world a heaven by our sincere and collective efforts. Hope education becomes an instrumental in this venture and thus the school really becomes "Light on the Hills."





Aswin P A (IX B)

# TECH FRANCIA - II

## മത്സര വിജയികൾ

Mathemaics Sub Dist. Third(A Grade)



ആൽബിൻ ഷാജു (X D)

Kalari Second in Thrissur DT.



വിഷ്ണു സുനിൽ പി (IX D)

നാടൻ പാട്ട് ഒന്നാം സ്ഥാനം (A Grade)
വിദ്യാരംഗം കലാസാഹിത്യവേദി
കുന്നംകുളം ഉപജില്ല .



മിഥുൻ പി എം (VI B)

ക്ലേ മോഡലിംഗ് ഒന്നാം സ്ഥാനം
(കുന്നംകുളം ഉപജില്ലാ)




സച്ചിൻ എ കെ (VII A)

# TECH FRANCIA - II

## നന്ദി

ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജിയുടെ പുതിയ സാധ്യതകൾ അറിയുവാനും പഠിക്കുവാനും രൂപീകൃതമായ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലെ അംഗങ്ങളായ ഞങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് പിന്തുണയുമായി ഞങ്ങൾക്കൊപ്പം നിന്ന ഹെഡ് മാസ്റ്റർ ആന്റോ സി കാക്കശ്ശേരി ,പ്രിൻസിപ്പൽ ഓസ്റ്റിൻ ഇമ്മട്ടി ജെ , പി ടി എ, കൈത്താങ്ങായി നിന്ന പ്രിയപ്പെട്ട കൈറ്റ് മാസ്റ്റർ ശ്രീ.സെബി തോമസ് കെ, കൈറ്റ് മിസ്ട്രസ് ശ്രീമതി. ഷെൽജി പി ആർ, അധ്യാപകർ, ഓഫീസ് സ്റ്റാഫ് തങ്ങളുടെ സൃഷ്ടികൾ മാഗസിനിലേക്കായി തന്ന പ്രിയ സഹപാഠികൾ ഏവർക്കും ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ഹൃദയം നിറഞ്ഞ നന്ദി .



**ശരബിന്ദ് പി എസ്**
**(സ്റ്റുഡൻറ് എഡിറ്റർ)**

